LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പോലീസ് ട്രെയിനിംഗ് കോളേജിൽ പോലീസുദ്യോഗസ്ഥർക്ക് നൂതന സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തി ശാസ്ത്രീയമായ കുറ്റാന്വേഷണ രീതികളെപ്പറ്റി പരിശീലനം നൽകിവരുന്നുണ്ട്. കൃത്യസ്ഥലത്തുനിന്ന് ശാസ്ത്രീയമായ രീതിയിൽ തെളിവുകൾ ശേഖരിക്കുന്നതിനെക്കുറിച്ചും അവയെ കണ്ടെത്തി പ്രത്യേകം പായ്ക്ക് ചെയ്ത് സൂക്ഷിക്കുന്നതിനെക്കുറിച്ചുമുള്ള ശാസ്ത്രീയമായ വിഷയങ്ങളിൽ പരിശീലനം നൽകുന്നുണ്ട്. കൂടാതെ ആത്മഹത്യ, കൊലപാതകം, അസ്വാഭാവിക മരണം എന്നിവയുമായി ബന്ധപ്പെട്ട കുറ്റാന്വേഷണത്തിൽ എഫ്.എസ്.എൽ., ഫിംഗർ പ്രിന്റ് ബ്യൂറോ, മെഡിക്കൽ കോളേജിലെ ഫോറൻസിക് മെഡിസിൻ വിഭാഗം എന്നിവിടങ്ങളിലെ വിദഗ്ധരെകൊണ്ട് പോലീസ് ഉദ്യോഗസ്ഥർക്കായി പി.റ്റി.സി.യിൽ പരിശീലനം നൽകിവരുന്നുണ്ട്. എസ്.ഐ.മാരുടെ പുതുക്കിയ സൈബർ സിലബസിൽ , ഫോറൻസിക്, ഫോറൻസിക് സയൻസ്, ഫോറൻസിക് മെഡിസിൻ ക്രിമിനോളജി, കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ തുടങ്ങിയവയിൽ ആധുനിക രീതിയിലുള്ള പരിശീലനം നൽകിവരുന്നു.

(ഡി & ഇ) ജി.ഒ.(ആർ. ടി.) നമ്പർ 166/11/ആഭ്യന്തരം തീയതി 18-1-2011 പ്രകാരം കേരള പോലീസ് ആക്ട് 2011-ന് മേൽ ഡ്രാഫ്റ്റ് റൂൾസ് തയ്യാറാക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ രൂപീകരിച്ചിരുന്നു. എന്നാൽ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പ്രസ്തുത കമ്മിറ്റി ഡ്രാഫ്റ്റ് റൂൾസ് സമർപ്പിക്കാത്തതിനാൽ പുതിയ അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നതിനുള്ള ശിപാർശ സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശ പരിശോധിച്ചുവരുന്നു.

റോഡപകടങ്ങളിൽപ്പെടുന്നവർക്ക് ചികിത്സ

268 (270) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങളിൽ മരണമടയുന്നവരിൽ ഏറെയും പേർ സമയത്ത് ആശുപത്രിയിൽ എത്തിക്കാതെ ചികിത്സ കിട്ടാത്തത് മൂലമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിലേയ്ക്കായി എന്തെല്ലാം നടപടികളാണ് ആഭ്യന്തര - ഗതാഗത വകുപ്പുകൾ സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റോഡപകടങ്ങളിൽപ്പെടുന്നവരെ ആശുപത്രിയിൽ എത്തിക്കുന്നവർക്ക് ചെലവാകുന്ന തുക ആ പരിധിയിലുള്ള സർക്കിൾ ഓഫീസിൽനിന്നും നൽകിവരുന്നു. കൂടാതെ, റോഡപകടങ്ങളിൽപ്പെടുന്നവർക്ക് യഥാസമയം സഹായം ലഭ്യമാക്കുന്നതിനായി ഹൈവേ പോലീസ്, പോലീസ് അലർട്ട് സെൽ എന്നിവ പ്രവർത്തിച്ചുവരുന്നു. മാത്രമല്ല, അപകടത്തിൽപ്പെടുന്നവരെ സഹായിക്കുന്നതിലേക്കായി സ്റ്റേഷൻ തലത്തിൽ ഹൈവേ സുരക്ഷാ ജാഗ്രതാ സമിതിയും ജനമൈത്രി ബീറ്റും പ്രവർത്തിച്ചുവരുന്നു. അപകടത്തിൽപ്പെടുന്നവർക്ക് പ്രഥമശുശ്രൂഷ നൽകിയശേഷം ആശുപത്രിയിൽ എത്തിക്കുന്നതിന് ഹൈവേ പോലീസിനും, ഹൈവേയുടെ വശങ്ങളിലെ പോലീസ് സ്റ്റേഷനിലുള്ള ഉദ്യോഗസ്ഥർക്കും ടാക്സി ഡ്രൈവർമാർക്കും മറ്റ് സന്നദ്ധ സംഘടനകൾക്കും ധാരണയുണ്ട്. ഇവർ ട്രോമ കെയർ എന്ന പേരിൽ പ്രത്യേക പരിശീലന ക്ലാസ്സുകളും നൽകിവരുന്നു. ഗതാഗത വകുപ്പിന് കീഴിൽ മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ റോഡപകടങ്ങളിൽപ്പെടുന്നവരെ രക്ഷിക്കാൻ ഒരു പരിശീലന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. റോഡപകടങ്ങളിൽ പരിക്ക് പറ്റിയവർക്ക് പ്രഥമ ശുശ്രൂഷ നൽകുക, അവരെ എത്രയും വേഗം ആശുപത്രിയിൽ എത്തിക്കുക, ആവശ്യമായ മെഡിക്കൽ കെയർ നൽകുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം.

മുരളിയുടെ കൊലപാതകം

269 (271) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പളയിലെ പി. മുരളിയെ കൊലപ്പെടുത്താൻ ഗൂഢാലോചന നടത്തിയവരെ സംബന്ധിച്ച് പോലീസ് അന്വേഷിച്ചിട്ടുണ്ടോ ;

(ബി) മുരളിയെ കൊലപ്പെടുത്താൻ മുൻപും ശ്രമം നടന്നിട്ടുള്ളതായി പോലീസിന് വിവരം ലഭിച്ചിട്ടുണ്ടായിരുന്നോ ; ഉണ്ടെങ്കിൽ പോലീസ് സ്വീകരിച്ച മുൻകരുതൽ നടപടികൾ എന്തെല്ലാമായിരുന്നു ;

(സി) കൊലപാതകവും ഗൂഢാലോചനയും നടത്തിയ ഏതൊക്കെ ആർ.എസ്.എസ്., ബി.ജെ.പി. പ്രവർത്തകർക്ക് എതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്ത അന്വേഷണം നടത്തുകയുണ്ടായി ; അന്വേഷണത്തിന്റെ ഭാഗമായി ഏതൊക്കെ ആർ.എസ്.എസ്., ബി.ജെ.പി. പ്രവർത്തകരെ പോലീസ് ചോദ്യം ചെയ്യുകയുണ്ടായി ; ആരുടെയൊക്കെ ഫോൺ നമ്പരുകൾ പരിശോധിക്കുകയുണ്ടായി ?

LIBRARY ARCHIVES Kerala Legislative Assembly